# പരിശുദ്ധ ക്വുർആൻ

പരിശുദ്ധ ക്വുർആൻ അവസാനത്തെ വേദഗ്രന്ഥമാണ്. വേദഗ്രന്ഥങ്ങളുടെ പൂർത്തികരണവുമാണത്. അതിൻെറ സംരക്ഷണം അല്ലാഹു തന്നെ ഏറ്റെടുത്തിരിക്കുകയാണ്. അല്ലാഹു പറയുന്നു:

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَ إِنَّا لَهُ لَحَافِظُونَ

(سورة الحجر : 9)

"തീർച്ചയായും നാമാണ് ഈ ഉത്ബോധനം (ക്വുർആൻ) ഇറക്കിയത്. തീർച്ചയായും നാം തന്നെ അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്."

ലോകാവസാനം വരെയുള്ള മനുഷ്യരെ സത്യമാർഗ്ഗത്തിലേയ്ക്ക് നയിക്കാനാണ് ക്വുർആൻ അവതരിപ്പിച്ചിട്ടുള്ളത്. അതു കൊണ്ട് എല്ലാ മനുഷ്യരും ക്വുർആൻ പിൻപറ്റി ജീവിക്കേണ്ടതുണ്ട്. ക്വുർആനിലുള്ള നിയമങ്ങൾക്കും അറിവുകൾക്കും കാലഹരണമില്ല. അതിൻെറ പുതുമ ഒരിക്കലും നശിക്കുകയില്ല. അതു കൊണ്ട് തന്നെ ഇനി മറ്റൊരു വേദഗ്രന്ഥത്തിൻെറ ആവശ്യവുമില്ല. ക്വുർആനിൽ പറഞ്ഞതിന്നെതിരായി ലോകത്ത് ഇന്നു വരെ യാതൊന്നും സംഭവിച്ചിട്ടില്ല. ഇനി സംഭവിക്കുകയുമില്ല. കാരണം എല്ലാം അറിയുന്ന അല്ലാഹുവിൻെറ വചനങ്ങളാണത്. ഈ ലോകത്തും പരലോകത്തും മനുഷ്യരുടെ വിജയത്തിന് ആവശ്യമായ നിയമനിർദേശങ്ങളും ഉപദേശങ്ങളും

ക്വുർആനിലുണ്ട്. മനുഷ്യൻ എത്ര അറിവുനേടിയാലും ക്വുർആനിൻെറ മാർഗദർശനം അവന്നാവശ്യമാണ്.

ഹിറാഗുഹയിൽ വെച്ചാണ് ക്വുർആൻ അവതരണത്തിന് തുടക്കം കുറിച്ചത്. ജിബ്‌രീൽ (عليه السلام) വന്ന് നബി (ﷺ) ക്ക് ആദ്യമായി ഓതിക്കേൾപിച്ചത് ഈ വചനങ്ങളാണ്:

اِقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ . خَلَقَ الإِنْسَانَ مِنْ عَلَقٍ . اِقْرَأْ وَ رَبُّكَ الأَكْرَمُ . الَّذِي عَلَّمَ بِالْقَلَمِ . عَلَّمَ الإِنْسَانَ مَا لَمْ يَعْلَمْ . (سورة العلق : 1—5)

"സൃഷ്ടിച്ചവനായ നിൻെറ രക്ഷിതാവിൻെറ നാമത്തിൽ നീ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചു. വായിക്കുക, നിൻെറ രക്ഷിതാവ് പേന കൊണ്ട് പഠിപ്പിച്ച ഏറ്റവും വലിയ ഉദാരനാകുന്നു. മനുഷ്യന് അറിവില്ലാത്തത് അവൻ പഠിപ്പിച്ചു. "

തുടർന്ന് സന്ദർഭമനുസരിച്ച് ബാക്കി ആയത്തുകളും സൂറത്തുകളും അല്ലാഹു നബിതിരുമേനിക്ക് ഇറക്കി. ഇരുപത്തിമൂന്ന് കൊല്ലങ്ങൾ കൊണ്ടാണത് പൂർത്തിയായത്. ക്വുർആനിൽ ചെറുതും വലുതുമായി 114 അദ്ധ്യായങ്ങൾ (സൂറത്തുകൾ) ഉണ്ട്. അവ 30 ജുസ്അ് (جزء) ആയി ഭാഗിക്കപ്പെട്ടിരിക്കുന്നു.

ക്വുർആൻ അല്ലാഹുവിൻെറ സന്ദേശമാണ്. മനുഷ്യൻ ഈ ലോകത്ത് എങ്ങിനെ ജീവിക്കണമെന്ന കാര്യമാണ് ക്വുർആൻ പഠിപ്പിക്കുന്നത്. അതിനാൽ ക്വുർആനിൻെറ ഉള്ളടക്കം പഠിച്ചറിയേണ്ടതുണ്ട്. അതു ജീവിതത്തിൽ പകർത്തുകയും വേണം. ഓരോ മുസ്ലിമിൻേറയും കടമയാണത്. എങ്കിൽ മാത്രമേ അവൻ മുസ്ലിമായിത്തീരുകയുള്ളൂ. അല്ലാഹു അതിന് നമുക്ക് توفيق നൽകട്ടെ.